കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന ഫോറങ്ങളിൽ മലയാളം ഉൾപ്പെടുത്താൻ നടപടി

78 [T4956] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന റെയിൽവെ റിസർവേഷൻ ടിക്കറ്റുകളിൽ ഇംഗ്ലീഷും ഹിന്ദിയും ഭാഷമാത്രം അച്ചടിച്ച് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണഭാഷ മലയാളമായി പ്രഖ്യാപിച്ചിട്ടുള്ള ഈ ഘട്ടത്തിൽ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്കായി വിതരണം ചെയ്യുന്ന വിവിധ ഫോറങ്ങൾ, റെയിൽവെ റിസർവേഷൻ ടിക്കറ്റുകൾ എന്നിവയിൽ മലയാളം പരിഭാഷകൂടി നിർബന്ധമായി ചേർക്കുന്നതിന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുമോ;

(സി) തമിഴ്നാട്ടിൽ വിതരണം ചെയ്യുന്ന റെയിൽവെ റിസർവേഷൻ ടിക്കറ്റുകൾ ഉൾപ്പെടെയുള്ള കേന്ദ്രഗവൺമെന്റിന്റെ ഉത്തരവുകൾ, ഫോറങ്ങൾ എന്നിവ തമിഴ്നാടിന്റെ ഭരണഭാഷയായ തമിഴും ഇംഗ്ലീഷും ഭാഷകളിൽ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതുപോലുള്ള നടപടികൾ നമ്മുടെ സംസ്ഥാനത്തും തുടങ്ങാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) കമ്പ്യൂട്ടർ റിസർവേഷൻ സെന്ററിൽക്കൂടി ലഭിക്കുന്ന റെയിൽവെ റിസർവേഷൻ ടിക്കറ്റുകളിൽ ദേശവ്യാപകമായി ഇംഗ്ലീഷും ഹിന്ദിയും മാത്രമേ ഉപയോഗിക്കുന്നുള്ളൂവെന്നും സെൽഫ് പ്രിന്റിംഗ് ടിക്കറ്റ് സിസ്റ്റത്തിലൂടെ വിതരണം ചെയ്യുന്ന അൺ റിസർവ്ഡ് ടിക്കറ്റുകളിൽ ഇംഗ്ലീഷിനും ഹിന്ദിക്കും പുറമെ അതത് പ്രാദേശിക ഭാഷയും അച്ചടിച്ച് വരുന്നുണ്ടെന്നും കേരളത്തിൽ ഇപ്രകാരം നൽകുന്ന ടിക്കറ്റുകളിൽ മലയാളം ഇപ്പോൾതന്നെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും റെയിൽവെ അറിയിച്ചിട്ടുണ്ട്.

തിരുവനന്തപുരം സെൻട്രൽ റെയിൽവെ സ്റ്റേഷനിൽ എസ്കലേറ്ററുകൾ സ്ഥാപിക്കണമെന്ന ആവശ്യം

79 [4957] ശ്രീ. വി. കെ. സി. മമ്മദ്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ റെയിൽവെ സ്റ്റേഷനിൽ എസ്കലേറ്ററുകൾ സ്ഥാപിക്കണമെന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly